അന്യസംസ്ഥാന കടൽത്തീരത്ത് കേരള മത്സ്യബന്ധന യാനങ്ങൾക്കുള്ള അനുമതി

114 [1947] *ശ്രീ. സി. പി. മുഹമ്മദ്:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *വി. ജെ. പൗലോസ്:*

„ *വി. ഡി. സതീശൻ:*

„ *പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുള്ള മത്സ്യബന്ധന ബോട്ടുകളെ മറ്റു സംസ്ഥാനങ്ങളുടെ കടൽത്തീരത്ത് മീൻ പിടിക്കുവാൻ അനുവദിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) കേരളത്തിന്റെ തീരക്കടലിൽ അന്യസംസ്ഥാനങ്ങളിലെ മത്സ്യബന്ധനയാനങ്ങൾ മത്സ്യം പിടിക്കുന്നത് തടയുന്നതിനുള്ള നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേരളത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനയാനങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിൽ നിയമം ഉണ്ട്.

സമുദ്രമത്സ്യ ഗവേഷണ കേന്ദ്രങ്ങളും ലബോറട്ടറികളും

115 [1948] *ശ്രീ. തോമസ് ചാഴികാടൻ:*

„ *റോഷി അഗസ്റ്റിൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലുള്ള എത്ര സമുദ്രമത്സ്യ ഗവേഷണ കേന്ദ്രങ്ങളും ലബോറട്ടറികളും സംസ്ഥാനത്ത് ഉണ്ടെന്നറിയിക്കാമോ;

(ബി) ഗവേഷണ കേന്ദ്രങ്ങളും ഫീൽഡ് സെന്ററുകളും അടച്ചുപൂട്ടിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കേന്ദ്രങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഈ കേന്ദ്രങ്ങൾ അടച്ചുപൂട്ടിയതുമൂലം സംസ്ഥാനത്തിന്റെ മത്സ്യ ഗവേഷണ മേഖലയിൽ വന്നിട്ടുള്ള നഷ്ടം പരിശോധിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത മത്സ്യഗവേഷണ കേന്ദ്രങ്ങളും ഫീൽഡ് സെന്ററുകളും നേരിടുന്ന പ്രതിസന്ധി പരിഹരിച്ച് അവ പുനരാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ട് സമുദ്രമത്സ്യ ഗവേഷണ കേന്ദ്രങ്ങളും ഒരു കൃഷി വിജ്ഞാന കേന്ദ്രവും ഉണ്ട്.

(ബി) ഗവേഷണ കേന്ദ്രങ്ങൾ അടച്ചുപൂട്ടിയിട്ടില്ല. കണ്ണൂർ, ചാവക്കാട്, ആലപ്പുഴ എന്നിവിടങ്ങളിലെ ഫീൽഡ് സെന്ററുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(സി) ഈ കേന്ദ്രങ്ങൾ ഒരു പ്രതിസന്ധിയും നേരിടുന്നില്ല.

(ഡി) ഫീൽഡ് സെന്ററുകൾ അടച്ചുപൂട്ടിയതിന്റെ നഷ്ടം പരിശോധിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

തീരപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ പദ്ധതി

116 [1949] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ തീരപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനായി ഫിഷറീസ് വകുപ്പിന് എത്ര തുക മാറ്റിവച്ചിരുന്നു; ജില്ലകളും വില്ലേജുകളും തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ എന്തുമാത്രം തുക ചെലവഴിച്ചു; ബാക്കി തുക ചെലവഴിക്കാതിരിക്കാൻ കാരണമെന്ത്;

(സി) വിഴിഞ്ഞം, കോട്ടുകാൽ വില്ലേജുകളിലേക്ക് അപ്രകാരം എന്തുമാത്രം തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു;

(ഡി) ഈ തുക ചെലവഴിച്ചിരുന്നോ;

(ഇ) ഇല്ലെങ്കിൽ ആ തുക ചെലവഴിക്കാതിരിക്കുന്നതിനും അതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നതിനും കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly